**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2004** **03-03-2025 - ൽ മറുപടിയ്ക്ക്**

**സ്റ്റാർട്ടപ്പ് മേഖലയിലെ സമഗ്ര വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ,<br>ശ്രീ. ടി.ഐ.മധുസൂദനൻ,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി,<br>ശ്രീ. എച്ച്. സലാം | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സ്റ്റാർട്ടപ്പ് മേഖലയിൽ സമഗ്ര വികസനം സാധ്യമാക്കുന്നതിനും ആഗോളതലത്തിലെ സ്റ്റാർട്ടപ്പുകളെ സംസ്ഥാനത്തേക്കാകർഷിക്കുന്നതിനും നടത്തുന്ന പ്രവർത്തനങ്ങളുടെ ഫലമായി ഈ രംഗത്തുണ്ടായിട്ടുള്ള നേട്ടങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | കേരളത്തിലുള്ള സ്റ്റാർട്ടപ്പുകൾക്ക് കൂടുതൽ ബിസിനസും ഇൻവെസ്റ്റ്മെന്റും ലഭിക്കുന്നതിന് വേണ്ടി ദുബായി പോലുള്ള ഇൻവെസ്റ്റ്മെന്റ് ഡെസ്റ്റിനേഷനുകളിൽ സ്റ്റാർട്ടപ്പ് ഇൻഫിനിറ്റി കേന്ദ്രങ്ങൾ രൂപീകരിച്ചിട്ടുണ്ട്. അതുവഴി സ്റ്റാർട്ടപ്പുകളിൽ ഇൻവെസ്റ്റ്മെൻറ് ബിസിനസും ലഭിച്ചിട്ടുണ്ട്. ഇന്റർനാഷണൽ എക്സ്പോഷർ പ്രോഗ്രാം നടപ്പിലാക്കുന്നതിലൂടെ, ലോകമെമ്പാടുമുള്ള പ്രധാന സ്റ്റാർട്ടപ്പ് ഇവന്റുകളിൽ കേരള സ്റ്റാർട്ടപ്പ് മിഷൻ സ്റ്റാർട്ടപ്പുകളെ പങ്കെടുപ്പിക്കുന്നു. GITEX North stars Dubai, Slush - Finland, London tech week പോലെയുള്ള പരിപാടികളിൽ പങ്കെടുക്കുന്നതിലൂടെ സംസ്ഥാനത്തേക്കു ആഗോള നിക്ഷേപകരെയും സ്റ്റാർട്ടപ്പുകളെയും കോർപ്പറേറ്റുകളെയും ആകർഷിക്കുവാൻ സാധിക്കുന്നതാണ്. |
| (ബി) | 2024-ലെ ഗ്ലോബൽ സ്റ്റാർട്ടപ്പ് എക്കോസിസ്റ്റം റിപ്പോർട്ടനുസരിച്ച് സംസ്ഥാനത്തെ സ്റ്റാർട്ടപ്പ് എക്കോസിസ്റ്റത്തിന്റെ ആകെ മൂല്യം എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; ഇതു കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി സർക്കാർ നടപ്പാക്കുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (ബി) | 2024-ലെ ഗ്ലോബൽ സ്റ്റാർട്ടപ്പ് എക്കോസിസ്റ്റം റിപ്പോർട്ട് പ്രകാരം, കേരളത്തിലെ സ്റ്റാർട്ടപ്പ് എക്കോസിസ്റ്റത്തിന്റെ ആകെ മൂല്യം 1.7 ബില്യൺ യുഎസ് ഡോളറാണെന്ന് കണക്കാക്കിയിട്ടുണ്ട്. കേരള സർക്കാർ സ്റ്റാർട്ടപ്പ് എക്കോസിസ്റ്റത്തെ കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി നയ പിന്തുണ, സാമ്പത്തിക സഹായങ്ങൾ, ഇൻകുബേഷൻ കേന്ദ്രങ്ങൾ, അന്തർദേശീയ സഹകരണങ്ങൾ എന്നിവ ഉറപ്പാക്കുന്നു. പുതുസംരംഭകരെ തേടിയെത്തുന്ന നിക്ഷേപകരുമായുള്ള ചർച്ചകളും പുതുമയാർന്ന ആശയങ്ങളും ഉൽപന്നങ്ങളും ലോകത്തിനു മുന്നിൽ പ്രദർശിപ്പിക്കാനുള്ള അവസരം സ്റ്റാർട്ടപ്പുകൾക്ക് തുറന്ന് കൊടുക്കുന്നതിനായി ഹഡിൽ ഗ്ലോബൽ എന്ന ഇന്ത്യയിലെ ഏറ്റവും വലിയ |

| | | | |
|---|---|---|---|
| | | | ബീച്ച് സൈഡ് സ്റ്റാർട്ടപ്പ് ഉച്ചകോടി സംഘടിപ്പിക്കുകയും ചെയ്യുന്നു. |
| (സി) | സംസ്ഥാനം ഐ.ടി. മേഖലയിലും ഇതര മേഖലകളിലും നേടിയിട്ടുള്ള സമഗ്ര പുരോഗതിയെ തമസ്കരിക്കുന്നതിനായി ചില മാധ്യമങ്ങളും വ്യക്തികളും നടത്തുന്ന കുപ്രചരണങ്ങൾക്ക് ബദലായി ഈ വിഭാഗത്തിൽപ്പെട്ടവർ തന്നെ ഇതു സംബന്ധിച്ച വസ്തുതകൾ വെളിപ്പെടുത്തിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ? | (സി) | ഇല്ല.<br><br>സംസ്ഥാനത്ത് ഐ.ടി മേഖലയിലും ഇതര മേഖലകളിലും നേടിയിട്ടുള്ള വൻതോതിലുള്ള പുരോഗതിക്ക് നല്ല തോതിൽ വാർത്താ പ്രാധാന്യം ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ